"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മെ.ശ്രീജ ബ്രിക്സ് എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ.ആർ.ചെല്ലപ്പന്റെ മാർജിൻ മണി വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (ബി) വകുപ്പ്**

സ.ഉ (സാധാ) നം.525/2022/ID തീയതി,തിരുവനന്തപുരം. 04-06-2022

---

പരാമർശം:- 1. ശ്രീ.ആർ.ചെല്ലപ്പന്റെ 28.02.2019-ലെ അപേക്ഷ

2. വ്യവസായ ഡയറക്ടറുടെ 19.03.2022-ലെ DIC/2843/2019-FC1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മെ.ശ്രീജ ബ്രിക്സ് എന്ന സ്ഥാപനം ആരംഭിക്കുന്നതിനു വേണ്ടി ശ്രീ.ആർ.ചെല്ലപ്പന് വ്യവസായ വകുപ്പിൽ നിന്നും മാർജിൻ മണിവായ്പയായി 79.125/-രൂപ അനുവദിച്ചു നൽകിയിരുന്നു. എന്നാൽ 7 വർഷമായി ഗുരുതരമായ കിഡ്നി രോഗത്തിന് ചികിത്സയിലിരിക്കുന്നതിനാലും പ്രളയബാധിതനായതിനാലും നിത്യച്ചെലവിനും ചികിത്സയ്ക്കും പണം കണ്ടെത്തുന്നതിൽ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ ടിയാളുടെ രോഗാവസ്ഥയും സാഹചര്യങ്ങളും പരിഗണിച്ചു കൊണ്ട് വായ്പ എഴുതിത്തള്ളുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ഈ വിഷയത്തിൽ വ്യവസായ വാണിജ്യ ഡയറക്ടർ പരാമർശം 2 പ്രകാരം സമർപ്പിച്ചിരുന്ന റിപ്പോർട്ട് പ്രകാരം ടി സ്ഥാപനത്തിന് അനുവദിച്ച വായ്പയിന്മേൽ മുതൽ ഇനത്തിൽ 79,125/- രൂപയും പലിശ ഇനത്തിൽ 82,000/- രൂപയും ഉൾപ്പെടെ ആകെ 1,61,125/- രൂപ കുടിശ്ശികയുണ്ട്. ടിയാന്റെ കടബാധ്യത മൂലവും അസുഖങ്ങൾ മൂലവും മെഷീനറികൾ എല്ലാം വിറ്റുപോകുകയും സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ചുപോകുകയും ചെയ്തിട്ടുള്ളതാണ്. അസുഖത്തെത്തുടർന്ന് ടിയാൻ 12.03.2020-ൽ ദിവംഗതനായി. തുടർന്ന് ടിയാന്റെ ഭാര്യയായ ശ്രീമതി.രോഹിണി . ശ്രീജ സദനം. കട്ടംപേരൂർ ടിയാന് അനുവദിച്ച വായ്പ എഴുതി തള്ളുന്നതിനായി അപേക്ഷ സമർപ്പിച്ചതായും വ്യവസായ വാണിജ്യ ഡയറക്ടർ റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്.

ടി സ്ഥാപനത്തിന്റെ പേരിൽ ആസ്തികൾ ഒന്നും തന്നെ ഇല്ലെന്നുള്ള വിവരം മാന്നാർ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ച അവസ്ഥയിലാണെന്ന് മാന്നാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായും നിലവിലെ സാഹചര്യത്തിൽ സ്ഥാപനത്തിന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ലാത്തതുമാണെന്നും വ്യവസായ വാണിജ്യ ഡയറക്ടർ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംരംഭകൻ ദിവംഗതനായ സാഹചര്യത്തിലും. വ്യവസായ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരേതനായ ആർ.ചെല്ലപ്പൻ മാർജിൻ മണി വായ്പയിനത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ട മുതലും പലിശയും ഉൾപ്പെടെ 1,61,125/- രൂപ(ഒരു ലക്ഷത്തി അറുപത്തൊന്നായിരത്തി ഒരുനൂറ്റി ഇരുപത്തഞ്ച് രൂപ) എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജീവ് ആർ

അണ്ടർ സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി.രോഹിണി , ശ്രീജ സദനം, കട്ടംപേരൂർ പി.ഒ., മാന്നാർ, ആലപ്പുഴ
അക്കൗണ്ടന്റ് ജനറൽ (എ&ഇ, ഓഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ്
ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, ആലപ്പുഴ
സി.ഇ.ഒ., കെ-ബിപ് ( വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Anil Kumar P
Date: 04-06-2022 16:29:14
സെക്ഷൻ ഓഫീസർ